# ഇസ്ലാമിക ചരിത്ര പാഠങ്ങൾ

ഭാഗം രണ്ട്



2




# ഇസ്‌ലാമിക ചരിത്രപാഠങ്ങൾ

# 2

# ഉള്ളടക്കം


| | |
|---|---|
| 1. الأَنْبِيَاء | 5 |
| 2. إِدْرِيس عليه السلام | 10 |
| 3. هُود عليه السلام | 13 |
| 4. صَالح عليه السلام | 17 |
| 5. إِسْمَاعِيل وَإِسْحَاق عليهما السلام | 21 |
| 6. لُوط عليه السلام | 25 |
| 7. يَعْقُوب وَيُوسُف عليهما السلام | 29 |

بسم الله الرحمن الرحيم

الحمد لله وحده والصلاة والسلام على من لا نبي بعده وآله وصحبه أجمعين

# പ്രസ്താവന

ഏതാനും പ്രവാചകന്മാരുടെ ചരിത്രവും, നമ്മുടെ നബി മുഹമ്മദ് ﷺ യുടെ സ്വഭാവഗുണങ്ങളും ചരിത്രവും സംക്ഷിപ്തമായി ഒന്നാം ഭാഗം പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണം ദുൽകിഫൽ, അൽ യസഅ, ഇൽയാസ് عليهم السلام എന്നീ നബിമാർ ഒഴികെയുള്ള പ്രവാചകന്മാരുടെ ചരിത്രം സംക്ഷിപ്തമായി ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയുട്ടുണ്ട്. എല്ലാ പ്രവാചകന്മാരും പ്രധാനമായി ഊന്നൽ നൽകിയത് തൗഹീദിനായിരുന്നു എന്ന വസ്തുത ശ്രദ്ധേയമാണ്.

ഇസ്ലാമിക വിശ്വാസങ്ങളും ശീലങ്ങളും കുട്ടികളിൽ ഊട്ടിയുറപ്പിക്കാൻ പര്യാപ്തമായ അധ്യാപന രീതി അവലംബിക്കണമെന്ന് പ്രത്യേകം ഉണർത്തുന്നു.

അൽ അഥരിയ്യ എജ്യുക്കേഷണൽ ട്രസ്റ്റ്
സിലബസ് ബോർഡ്

* 25 നബിമാരുടെ പേരുകളാണല്ലോ ഖുർആനിൽ പരാമർശിച്ചത്. പ്രസ്തുത പേരുകൾ വന്ന ഏതാനും ഭാഗം പേജ് 9ൽ ഉണ്ട്. ഇത് പാഠമായി പരിഗണിക്കേണ്ടതില്ല. കുട്ടികൾ അത് മനഃപാഠമാക്കുന്നുണ്ടെങ്കിൽ നല്ലത്.

# പാഠം 1

# الأَنْبِيَاء

# പ്രവാചകന്മാർ

ഭൗതിക ജീവിതത്തിൽ അനശ്വരമായ സ്വർഗ്ഗീയ ജീവിതത്തിനു തയ്യാറെടുക്കാനുള്ള നല്ല കാര്യങ്ങൾ മനുഷ്യരെ പഠിപ്പിക്കാൻ വേണ്ടി അല്ലാഹു തെരഞ്ഞെടുത്ത് അയച്ചവരാണ് നബിമാർ (പ്രവാചകന്മാർ). മനുഷ്യൻ ഈ ഭൂമിയിൽ ജീവിക്കാൻ ആരംഭിച്ചതു മുതൽ പ്രവാചകന്മാരും ഉണ്ടായിരുന്നു.

അവരിൽ അവസാനത്തെ പ്രവാചകൻ നമ്മുടെ നബി മുഹമ്മദ് ﷺ യാണ്. പ്രവാചകന്മാരെല്ലാം മനുഷ്യവർഗത്തിൽ പെട്ടവർ തന്നെയായിരുന്നു. സാധാരണ മനുഷ്യരെപ്പോലെ തെറ്റുകുറ്റങ്ങളൊന്നും അവർ ചെയ്തിരുന്നില്ല. അവർ എല്ലാവരും സത്യസന്ധരും സൽസ്വഭാവികളും മാതൃകാപുരുഷന്മാരും ആയിരുന്നു. അവർ മനുഷ്യരെ സന്മാർഗത്തിലേക്ക് ക്ഷണിച്ചു. സത്യവിശ്വാസികൾക്ക് സ്വർഗവും നിഷേധികൾക്ക് നരകശിക്ഷയും ഉണ്ടാവുമെന്ന് അവർ മനുഷ്യരെ ഉണർത്തി.

ഈ ലോകവും അതിലുള്ള സർവ വസ്തുക്കളും സൃഷ്ടിച്ച് പരിപാലിക്കുന്നത് അല്ലാഹു മാത്രമാണെന്നും, അതുകൊണ്ട് അവനെ മാത്രമേ ആരാധിക്കാവൂ എന്നും എല്ലാ നബിമാരും ജനങ്ങളോട് ആദ്യമായി തന്നെ ഉപദേശിച്ചു. അല്ലാഹുവിനെ ആരാധിച്ചും അവന്റെ കൽപനകൾ അനുസരിച്ചും ജീവിക്കേണ്ട രീതികൾ അവർ ജനങ്ങളെ

പഠിപ്പിച്ചു.
ഇങ്ങനെ പ്രബോധന പ്രവർത്തനങ്ങൾ നടത്തിയ നബിമാരുടെ സദുപദേശങ്ങൾ എല്ലാ കാലത്തും കുറച്ച് പേർ മാത്രമാണ് സ്വീകരിച്ചത്. ഈ പറയുന്നതെല്ലാം സത്യമാണെന്നതിന് തെളിവായി അല്ലാഹു നബിമാർ മുഖേന പല അസാധാരണ സംഭവങ്ങളും (مُعْجِزَة) കാണിച്ചുകൊടുത്തു. എന്നിട്ടും വിശ്വസിക്കാത്തവരെ ഈ ലോകത്തു നിന്നുതന്നെ അല്ലാഹു പലവിധത്തിലും ശിക്ഷിച്ചു.

ആദ്യത്തെ പ്രവാചകൻ ആദം നബി عليه السلام മുതൽ അവസാനത്തെ പ്രവാചകൻ മുഹമ്മദ് നബി ﷺ വരെ എല്ലാ കാലത്തും എല്ലാ സമൂഹത്തിലും അല്ലാഹു നബിമാരെ നിയോഗിച്ചിട്ടുണ്ട്. ഈ പ്രവാചകരിൽ എല്ലാവരിലും വിശ്വസിക്കൽ ഈമാനിന്റെ (സത്യവിശ്വാസത്തിന്റെ) ഭാഗമാണ്. പ്രവാചകന്മാർക്ക് അല്ലാഹുവിന്റെ സന്ദേശം ലഭിച്ചിരുന്ന മാർഗത്തിന് വഹ്‌യ് എന്ന് പറയുന്നു.

ഇരുപത്തിയഞ്ച് പ്രവാചകന്മാരെ സംബന്ധിച്ചു പരിശുദ്ധ ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. അവരിൽ ചിലരെ കുറിച്ച് നാം ഒന്നാം ക്ലാസിൽ പഠിച്ചിട്ടുണ്ടല്ലോ. മറ്റു നബിമാരുടെ ചരിത്രം നമുക്ക് തുടർന്ന് പഠിക്കാം.

# പഠന പ്രവർത്തനങ്ങൾ

## നാനാർത്ഥങ്ങൾ കണ്ടെത്താം:

1. അകം - ഉൾവശം , മനസ്സ്
2. അന്നം - അരയന്നം , ചോറ്
3. വിണ്ണ് - ആകാശം , സ്വർഗ്ഗം

## വിപരീതങ്ങൾ കണ്ടെത്താം:

തന്നിരിക്കുന്ന പദത്തിന്റെ എതിർപദം കൊണ്ട് വാക്യങ്ങൾ പൂർത്തിയാക്കുക

1. പ്രവാചകന്മാർ ജനങ്ങളെ ____________________ ലേക്ക് ക്ഷണിച്ചു. (ദുർമാർഗ്ഗം)
2. നമ്മിൽ നിന്ന് സന്തോഷം തട്ടിപ്പറിച്ചെടുക്കുന്ന ________________ ആണ് കോപം. (മിത്രം)
3. അദ്ധ്വാനമാണ് ____________________ നേടാനുള്ള മാർഗ്ഗം. (പരാജയം)

## പദം പിരിച്ചെഴുതുക:

1. തെരെഞ്ഞെടുത്തയച്ചവർ __________ x __________ x __________
2. തട്ടിപ്പറിച്ചെടുക്കുന്ന __________ x __________ x __________
3. മുഖത്തടിച്ചതുപോലെ __________ x __________ x __________
4. തെറ്റുകുറ്റങ്ങളൊന്നും __________ x __________ x __________

## പൂരിപ്പിക്കുക:

1. നബിമാർ സാധാരണ മനുഷ്യരെ പോലെ ________________ ചെയ്തിരുന്നില്ല.
2. നബിമാർ മനുഷ്യരെ ________________ ലേക്ക് ക്ഷണിച്ചു.
3. അല്ലാഹുവിന്റെ സന്ദേശം ലഭിച്ചിരുന്ന മാർഗത്തിന് ______________ എന്ന് പറയുന്നു.
4. എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കൽ ____________________ ന്റെ ഭാഗമാണ്.

## ചോദ്യോത്തരങ്ങൾ

1. ആരാണ് പ്രവാചകന്മാർ ?
2. പ്രവാചകന്മാരുടെ പ്രത്യേകതകൾ എന്തെല്ലാം ?
3. പ്രവാചകന്മാരുടെ മുഖ്യപ്രബോധനം എന്തായിരുന്നു ?
4. مُعْجِزَات എന്നാൽ എന്ത് ?
5. ഖുർആനിൽ എത്ര പ്രവാചകന്മാരുടെ പേരുകൾ പറഞ്ഞിട്ടുണ്ട്.

**ഓർത്തിരിക്കാം**

ഞാനല്ലാതെ യാതൊരു ഇലാഹുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.

(വിശുദ്ധ ഖുർആൻ: 21:25)

فَتَلَقَّىٰ **آدَمُ** مِن رَّبِّهِ كَلِمَاتٍ فَتَابَ عَلَيْهِ ۚ إِنَّهُ هُوَ التَّوَّابُ الرَّحِيمُ ﴿37﴾ (البقرة)

وَتِلْكَ حُجَّتُنَا آتَيْنَاهَا **إِبْرَاهِيمَ** عَلَىٰ قَوْمِهِ ۚ نَرْفَعُ دَرَجَاتٍ مَّن نَّشَاءُ ۗ إِنَّ رَبَّكَ حَكِيمٌ عَلِيمٌ

﴿83﴾ وَوَهَبْنَا لَهُ **إِسْحَاقَ وَيَعْقُوبَ** ۚ كُلًّا هَدَيْنَا ۚ **وَنُوحًا** هَدَيْنَا مِن قَبْلُ ۖ وَمِن ذُرِّيَّتِهِ

**دَاوُودَ وَسُلَيْمَانَ وَأَيُّوبَ وَيُوسُفَ وَمُوسَىٰ وَهَارُونَ** ۚ وَكَذَٰلِكَ نَجْزِي الْمُحْسِنِينَ

﴿84﴾ **وَزَكَرِيَّا وَيَحْيَىٰ** وَعِيسَىٰ **وَإِلْيَاسَ** ۖ كُلٌّ مِّنَ الصَّالِحِينَ ﴿85﴾ **وَإِسْمَاعِيلَ**

**وَالْيَسَعَ وَيُونُسَ وَلُوطًا** ۚ وَكُلًّا فَضَّلْنَا عَلَى الْعَالَمِينَ ﴿86﴾ (الأنعام)

**وَإِسْمَاعِيلَ وَإِدْرِيسَ وَذَا الْكِفْلِ** ۖ كُلٌّ مِّنَ الصَّابِرِينَ ﴿85﴾ (الأنبياء)

إِذْ قَالَ لَهُمْ أَخُوهُمْ **هُودٌ** أَلَا تَتَّقُونَ ﴿124﴾ (الشعراء)

إِذْ قَالَ لَهُمْ أَخُوهُمْ **صَالِحٌ** أَلَا تَتَّقُونَ ﴿142﴾ (الشعراء)

إِذْ قَالَ لَهُمْ **شُعَيْبٌ** أَلَا تَتَّقُونَ ﴿177﴾ (الشعراء)

**مُّحَمَّدٌ** رَّسُولُ اللَّهِ ۚ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ ۖ ... ﴿29﴾ (الفتح)

# പാഠം 2

# إدريس عليه السلام

ആദം عليه السلام ന്റെ സന്താനങ്ങൾ ഭൂമിയിൽ വർദ്ധിച്ചു കൊണ്ടിരുന്നു. അവർക്ക് നേർവഴി കാണിക്കാൻ വേണ്ടി അല്ലാഹു നിയോഗിച്ച ഒരു നബിയാണ് ഇദ്‌രീസ് عليه السلام. അല്ലാഹു പറയുന്നു.

''തീർച്ചയായും അദ്ദേഹം പരമ സത്യവാനും പ്രവാചകനുമായിരുന്നു. നാം അദ്ദേഹത്തെ ഉന്നതമായ ഒരു സ്ഥാനത്തേക്ക് ഉയർത്തി.'' (സൂറ: മർയം 55-57)

നബിമാരെക്കുറിച്ച് എഴുതപ്പെട്ട ചരിത്രങ്ങളിൽ ഇങ്ങനെ കാണാം. ഇദ്‌രീസ് നബി عليه السلام ആദ്യം പേന കൊണ്ടെഴുതി. ഗണിതം പഠിച്ചു. വസ്ത്രം തുന്നി. എന്നെല്ലാം ചില ചരിത്ര ഗ്രന്ഥങ്ങളിൽ കാണാം.

മറ്റു നബിമാരെപ്പോലെ തന്നെ അദ്ദേഹം അല്ലാഹുവിനെ മാത്രം ആരാധിച്ചു. അവനെ സൂക്ഷിച്ചു ജീവിച്ചു. ജനങ്ങളെ അക്കാര്യം ഉപദേശിച്ചു. അല്ലാഹുവിനെ ഓർത്ത് അദ്ദേഹം കരയുകയും സുജൂദിൽ വീഴുകയും ചെയ്തു.

അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും എല്ലാ നബിമാരിലും ഉണ്ടാകട്ടെ...ആമീൻ

# പഠന പ്രവർത്തനങ്ങൾ

## പര്യായപദങ്ങൾ പഠിക്കാം:

1. കരച്ചിൽ — രോദനം , വിലാപം , ക്രന്ദനം
2. കരുണ — ദയ , അനുകമ്പ , കൃപ
3. ഇരുട്ട് — അന്ധകാരം , തമസ്സ് , തിമിരം
4. ഇല — പത്രം , ദലം , പർണ്ണം
5. കൈ — ഹസ്തം , കരം

## മാതൃക പോലെ എഴുതാം:

1. കീഴടങ്ങുക — കീഴടക്കുക
2. ഓടുക — ____________________
3. കേൾക്കുക — ____________________
4. വിജയിക്കുക — ____________________

## പദം പിരിച്ചെഴുതുക:

1. നമുക്കുമുണ്ടാകുമെന്നും __________ + __________ + __________
2. ഏകദൈവവിശ്വാസികൾ __________ + __________ + __________
3. വേനലവധിക്കാലം __________ + __________ + __________

## പൂരിപ്പിക്കുക:

1. ആദ്യമായി പേന കൊണ്ടെഴുതിയ നബി?
2. മറ്റു നബിമാരെ പോലെ ഇദ്‌രീസ് നബി (അലൈഹിസ്സലാം) ____________________ നെ മാത്രം ആരാധിച്ചു.

## ചോദ്യങ്ങൾ:

1. ഇദ്‌രീസ് നബി (അലൈഹിസ്സലാം) യെ പറ്റി ഖുർആനിൽ അല്ലാഹു പറഞ്ഞതെന്ത്?
2. ചരിത്ര പുസ്തകങ്ങളിൽ അദ്ദേഹത്തെ പറ്റി എന്തെല്ലാം വിവരിച്ചു?

**ഓർത്തിരിക്കാം**

ഇദ്‌രീസ് നബി (അ) ക്ഷമാലുക്കളുടെ കൂട്ടത്തിലാകുന്നു.

(വിശുദ്ധ ഖുർആൻ: 21:85)

# പാഠം 3

# هود عليه السلام

നൂഹ് നബി عليه السلام ന്റെ കാലത്തെ വെള്ളപ്പൊക്കത്തിന് ശേഷം അവിടെ ഏകദൈവവിശ്വാസികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ധിക്കാരികളും ബഹുദൈവാരാധകരും മുഴുവൻ മുങ്ങി നശിച്ചു.

പിന്നീട് നൂഹ് عليه السلام ന്റെയും വിശ്വാസികളുടെയും മക്കൾ ലോകത്തിന്റെ പല ഭാഗങ്ങളിലും ജീവിച്ചു. അവരിൽ ഒരു വിഭാഗം യമനിലെ അഹ്ഖാഫിൽ ചെന്ന് താമസമാക്കി. അവർക്ക് ആദ് സമുദായം എന്നായിരുന്നു പേര്. നൂഹ് عليه السلام ന്റെ കാലത്തിന് ശേഷം വീണ്ടും വിഗ്രഹാരാധന തുടങ്ങിയത് ആദ് സമൂഹത്തിലാണ്.

അവർ ശക്തിയും നല്ല പൊക്കവും തടിയുമുള്ളവരായിരുന്നു. അവർ കുന്നിൻ മുകളിൽ ഉറപ്പുള്ള കെട്ടിടങ്ങളും കോട്ടകളും ഉണ്ടാക്കി. പല വിനോദങ്ങളിലും മുഴുകി ജീവിച്ചു. അവർ അല്ലാഹുവിനെ മറന്നു. വിഗ്രഹങ്ങളെ ആരാധിച്ചു.

ഹൂദ് عليه السلام നെ അല്ലാഹു അവരിൽ പ്രവാചകനായി നിയോഗിച്ചു. ഖുർആനിൽ 7 തവണ അദ്ദേഹത്തിന്റെ പേര് പരാമർശിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം അവരെ നേർവഴിയിലേക്ക് ക്ഷണിച്ചു. ആകാശത്ത് നിന്ന് വെള്ളമിറക്കി ഭൂമിയിൽ ഭക്ഷണസാധനങ്ങൾ മുളപ്പിക്കുന്നത് അല്ലാഹുവാണ്. നിങ്ങൾക്ക് സന്താനങ്ങളും, പാർപ്പിടവും, കന്നുകാലികളും, തോട്ടങ്ങളും നൽകുന്നത് അല്ലാഹുവാണ്. അതുകൊണ്ട് നിങ്ങളവനോട് നന്ദി കാണിക്കുക. അവനോട് മാത്രം പ്രാർത്ഥിക്കുക. അവനെ മാത്രം

ആരാധിക്കുക. എന്ന് അദ്ദേഹം അവരെ ഉപദേശിച്ചു.

അവർ ആ ഉപദേശം സ്വീകരിച്ചില്ല. അവർ അദ്ദേഹത്തെ പരിഹസിച്ചു. അവരുടെ നേതാക്കൾ മറ്റുള്ളവരോട് പറഞ്ഞു: ഹൂദ് നമ്മെ പോലെ ഒരു സാധാരണ മനുഷ്യനാണ്. അവനെ നിങ്ങൾ അനുസരിക്കരുത്. നാം മരിച്ചു മണ്ണിനോട് ചേർന്ന ശേഷം വീണ്ടുമൊരു ജീവിതം ഉണ്ടെന്നല്ലേ അവൻ പറയുന്നത്. അതിനാൽ നാം അവനെ വിശ്വസിക്കരുത്.

ഹൂദ് عليه السلام എത്ര ഉപദേശിച്ചിട്ടും അവർ അവിശ്വാസത്തിൽ നിന്ന് പിന്തിരിയുവാൻ തയ്യാറായില്ല. അങ്ങനെ അല്ലാഹു അവരെ ശിക്ഷിച്ചു. ഏഴു രാത്രിയും എട്ടു പകലും തുടർച്ചയായി കൊടുങ്കാറ്റടിച്ചു. ഈത്തപ്പനമരം കടപുഴകി വീണതുപോലെ അവർ വീണു മരിച്ചു. അവരുടെ കോട്ടകളും കൊട്ടാരങ്ങളും നശിച്ചു. അവരുടെ അഹങ്കാരത്തിനും പരിഹാസത്തിനും അവസാനമായി. ഹൂദ് عليه السلام ഉം അനുയായികളും രക്ഷപ്പെടുകയും ചെയ്തു.

അല്ലാഹു നൽകുന്ന അനുഗ്രഹങ്ങൾക്ക് നാം നന്ദി കാണിക്കണമെന്നും അവനെ മാത്രം ആരാധിക്കണമെന്നും അല്ലാതിരുന്നാൽ അവന്റെ ശിക്ഷ നമുക്കുമുണ്ടാകുമെന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

**ഓർത്തിരിക്കാം**

അവരുടെ സഹോദരൻ ഹൂദ് അവരോട് പറഞ്ഞ സന്ദർഭം:
നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? തീർച്ചയായും ഞാൻ
നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു
അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും,
എന്നെ അനുസരിക്കുകയും ചെയ്യുവിൻ
(വിശുദ്ധ ഖുർആൻ: 26:124-126)

# പഠന പ്രവർത്തനങ്ങൾ

## പര്യായപദങ്ങൾ പഠിക്കാം:

1. ചിരി    സ്മിതം , സ്മേരം , ഹസിതം
2. ദുഖം    സന്താപം , വിഷാദം , ശോകം
3. ദേഷ്യം    രോഷം , കോപം , മന്യു
4. പർവ്വതം    അചലം , ശൈലം , അദ്രി
5. പൂവ്    കുസുമം , സുമം , മലർ

## അടിവരയിട്ടിരിക്കുന്ന പദത്തിന്റെ എതിർപദം കൊണ്ട് വാക്യം പൂരിപ്പിക്കുക:

1. <u>മിതമായ</u> ആഗ്രഹം വിജയത്തിലും ______________ ആഗ്രഹം നാശത്തിലും എത്തിക്കും.
2. ഹൂദ് നബി (അലൈഹിസ്സലാം) യിൽ <u>വിശ്വസിച്ചവർ</u> രക്ഷപ്പെടുകയും ______________ ശിക്ഷിക്കപ്പെടുകയും ചെയ്തു.


## പദം വേർതിരിച്ചെഴുതാം:

1. കൊടുങ്കാറ്റടിച്ചു ______________ + ______________
2. ഭക്ഷണസാധനങ്ങൾ ______________ + ______________
3. നിങ്ങളവനോട് ______________ + ______________

## പൂരിപ്പിക്കുക:

1. ഹൂദ് നബി (അലൈഹിസ്സലാം) യുടെ സമുദായം ?
2. അവർ കുന്നിൻ മുകളിൽ ____________________ ഉണ്ടാക്കി.

## സ്വരചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ എഴുതുക:




## ചോദ്യങ്ങൾ:

1. ആദ് സമുദായം താമസമാക്കിയതെവിടെ?
2. ആദ് സമുദായത്തെ അല്ലാഹു നശിപ്പിച്ചതെങ്ങിനെ?
3. അവരുടെ നാശത്തിൽ നമുക്കുള്ള പാഠമെന്ത്?

# പാഠം 4

# صالح عليه السلام

അല്ലാഹു ആദ് സമുദായത്തെ നശിപ്പിച്ച കഥ നാം പഠിച്ചുവല്ലോ? ഹൂദ് عليه السلام നോടൊപ്പം അന്ന് രക്ഷപ്പെട്ട സത്യവിശ്വാസികൾ പലനാടുകളിലും കുടിയേറി പാർത്തു. അവരിൽ പെട്ട സമൂദ് എന്ന ഒരാൾ താമസമുറപ്പിച്ചത് ഹിജ്ർ എന്ന പ്രദേശത്തായിരുന്നു.

അദ്ദേഹത്തിന്റെ സന്താന പരമ്പരക്ക് സമൂദ് സമുദായം എന്ന് പറയപ്പെടുന്നു. അദ്ധ്വാനിച്ച് ശീലിച്ചവരും ആരോഗ്യവാൻമാരു മായിരുന്നു അവർ. വലിയ പാറകൾ തുരന്നുകൊണ്ടാണ് അവർ വീടുകൾ നിർമിച്ചത്. പാറ കല്ലുകൾ കൊണ്ട് കൂറ്റൻ കെട്ടിടങ്ങളും കൊട്ടാരങ്ങളും ഉണ്ടാക്കി. കുറെ കാലം കഴിഞ്ഞപ്പോൾ അവർ വഴി തെറ്റി. അല്ലാഹുവിനെ ആരാധിക്കുന്നതിന് പകരം വിഗ്രഹങ്ങളെ ആരാധിച്ചു. മരണപ്പെട്ടവരോട് പ്രാർത്ഥിച്ചു. താന്തോന്നികളായി ജീവിച്ചു.

അല്ലാഹു സ്വാലിഹ് عليه السلام നെ അവരിൽ നബിയായി നിയോഗിച്ചു. അദ്ദേഹം അവരെ ഉപദേശിച്ചു. ''നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹങ്ങൾക്ക് അവനോട് നന്ദി കാണിക്കുക. പശ്ചാത്തപിക്കുകയും ചെയ്യുക.''

അവർ ആ ഉപദേശം സ്വീകരിച്ചില്ല. ജനങ്ങൾക്കെല്ലാം ഇഷ്ടപ്പെട്ട ആളായിരുന്നു സ്വാലിഹ് عليه السلام. എന്നാൽ അദ്ദേഹം അവരോട് അല്ലാഹുവിനെ മാത്രം ആരാധിക്കുവിൻ എന്ന് പറഞ്ഞപ്പോൾ അവർ

അദ്ദേഹത്തെ വെറുത്തു. അവർ പറഞ്ഞു: '' അല്ലാഹുവിന്റെ പക്കൽ നിന്ന് നീ ഞങ്ങൾക്ക് വല്ല തെളിവും കാണിച്ചുതന്നാൽ ഞങ്ങൾ വിശ്വസിക്കാം.''

സ്വാലിഹ് عليه السلام അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അവർ ആവശ്യപ്പെട്ടത് പോലെ തെളിവായി ഒരു ഒട്ടകം പാറയുടെ ഉള്ളിൽ നിന്ന് അത്ഭുതകരമായി പുറത്ത് വന്നു. എന്നിട്ടും അവരിൽ അധികപേരും വിശ്വസിച്ചില്ല.

ആ ഒട്ടകത്തെ ഉപദ്രവിക്കരുതെന്ന് സ്വാലിഹ് عليه السلام അവരെ ഉപദേശിച്ചിരുന്നു. അവർ അത് സ്വീകരിച്ചില്ല. സ്വാലിഹ് عليه السلام താക്കീത് ചെയ്ത ശിക്ഷ വരട്ടെ എന്നായിരുന്നു അവർ പറഞ്ഞത്. മാത്രമല്ല; ഒരു നീചൻ മറ്റുള്ളവരുടെ അനുവാദത്തോടെ ആ ഒട്ടകത്തെ അറുത്തു. അപ്പോൾ അല്ലാഹുവിന്റെ ശിക്ഷ അവർക്ക് ഉറപ്പായി. സ്വാലിഹ് عليه السلام അവർക്ക് മൂന്ന് ദിവസത്തെ അവധി നൽകി.

അതിനിടയിൽ ആകാശത്ത് നിന്ന് ഒരു ഘോരശബ്ദം കേട്ടു. ഇടിമുഴക്കം പോലെയുള്ള ആ ശബ്ദത്താൽ സത്യനിഷേധികൾ മുഴുവനും നശിച്ചു. അവരുടെ കോട്ടകൊട്ടാരങ്ങൾ തകർന്നുവീണു. സ്വാലിഹ് عليه السلام നേയും കൂട്ടുകാരെയും അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്തു.

# പഠന പ്രവർത്തനങ്ങൾ

## നാനാർത്ഥങ്ങൾ കണ്ടെത്താം:

1. ആറ് — നദി , ഒരു സംഖ്യ
2. ഉത്തരം — മറുപടി , വീടുകളുടെ മേൽക്കൂരയുടെ ഒരു പ്രധാന ഭാഗം
3. കരം — കൈ , നികുതി
4. കൽപന — ഉത്തരവ് , സങ്കൽപം
5. ഗജം — ആന , 3 അടി നീളം

## എതിർപദങ്ങൾ കണ്ടെത്താം:

1. പുറത്ത് x ________
2. വന്നു x ________
3. സ്നേഹം x ________
4. സങ്കടം x ________
5. പഴയ x ________
6. മണ്ണ് x ________
7. നിറഞ്ഞ x ________
8. ധീരൻ x ________

## പദം പിരിച്ചെഴുതുക:

1. കേട്ടറിഞ്ഞ് ________ + ________
2. ചൊല്ലിത്തരും ________ + ________
3. മണമുള്ള ________ + ________
4. കൊട്ടാരങ്ങളുണ്ടാക്കി ________ + ________

## പൂരിപ്പിക്കുക:

1. സ്വാലിഹ് നബി (അലൈഹിസ്സലാം) യുടെ സമുദായം __________
2. സ്വാലിഹ് നബി (അലൈഹിസ്സലാം) പ്രാർത്ഥിച്ചത് പോലെ

   തെളിവായി പാറയുടെ ഉള്ളിൽ നിന്ന് __________പുറത്ത് വന്നു.

## ചോദ്യങ്ങൾ:

1. സമൂദ് (ثَمُود) എന്ന ആൾ എവിടെ താമസിച്ചു ?
2. സമൂദ് (ثَمُود) സമുദായത്തിലേക്ക് നിയമിച്ച പ്രവാചകന്റെ പേരെന്ത് ?
3. അദ്ദേഹം അവരെ ഉപദേശിച്ചതെന്ത് ?
4. സമൂദ് (ثَمُود) സമുദായത്തിന് കാണിച്ചുകൊടുത്ത തെളിവെന്താണ് ?
5. അതിനെ അവർ എന്ത്ചെയ്തു ?
6. അവരെ അല്ലാഹു ശിക്ഷിച്ചതെങ്ങെനെ ?
7. സമൂദിനെ (ثَمُود) പറ്റി വിവരിച്ച ഒരു ആയത്ത് (സൂറ: ശംസ്) ഓതുക.

**ഓർത്തിരിക്കാം**

തീർച്ചയായും ഥമൂദ് ജനത തങ്ങളുടെ
രക്ഷിതാവിനോട്
നന്ദികേട് കാണിച്ചു.ശ്രദ്ധിക്കുക:
ഥമൂദ് ജനതയ്ക്ക് നാശം!

(വിശുദ്ധ ഖുർആൻ: 11:68)

# പാഠം 5

# إسماعيل وإسحاق و عليهما السلام

ഇബ്റാഹീം നബിക്ക് ആദ്യകാലത്ത് സന്താനങ്ങളുണ്ടായിരുന്നില്ല. വയസ്സേറെയായി. അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ''റബ്ബേ എനിക്ക് നല്ലവരായ മക്കളെ തരേണമേ.''

അല്ലാഹു പ്രാർത്ഥന കേട്ടു. ഉത്തരം നൽകി. രണ്ട് മക്കളുണ്ടായി. ഇസ്മാഈലും ഇസ്ഹാഖും. ഇസ്മാഈലിന്റെ മാതാവ് ഹാജറും ഇസ്ഹാഖിന്റേത് സാറയുമായിരുന്നു. രണ്ട് മക്കളെയും അല്ലാഹു പിന്നീട് നബിമാരായി നിയോഗിച്ചു.

ഇസ്മാഈലിനെയും മാതാവിനെയും അല്ലാഹുവിന്റെ കൽപന പ്രകാരം ഇബ്റാഹീം عليه السلام മക്കയിൽ കൊണ്ടുപോയി താമസിപ്പിച്ചു. ശേഷം അല്ലാഹു കല്പിച്ചതനുസരിച്ച് ഇബ്റാഹീം عليه السلام അവിടെ നിന്ന് മടങ്ങിപ്പോയി. ഇസ്മാഈൽ عليه السلام അന്ന് കുഞ്ഞായിരുന്നു. മക്കയിൽ മറ്റാരും താമസിച്ചിരുന്നില്ല. കുടിവെള്ളമോ കൃഷിയോ അവിടെ ഉണ്ടായിരുന്നില്ല. വെള്ളമില്ലാതെ വിഷമിച്ച ഹാജറിനും ഇസ്മാഈലിനും അല്ലാഹു അവന്റെ അനുഗ്രഹത്താൽ നീരുറവ നൽകി. അതാണ് മക്കയിലെ പ്രശസ്തമായ സംസം.

ഇസ്മാഈൽ عليه السلام വളർന്നു. പിതാവിനോടൊപ്പം ഓടി നടക്കുന്ന പ്രായമായി. പിതാവ് മക്കയിൽ കൂടെക്കൂടെ വരുമായിരുന്നു. ഒരിക്കൽ ഒരു സ്വപ്നത്തിൽ കൂടി മകൻ ഇസ്മാഈലിനെ ബലി നൽകണമെന്ന് അല്ലാഹു അദ്ദേഹത്തോട് കൽപിച്ചു. അല്ലാഹു കൽപിച്ചതെന്തും ചെയ്തിരുന്ന ഇബ്റാഹീം عليه السلام ഈ

കൽപനയനുസരിച്ച് പ്രവർത്തിക്കാൻ മടിച്ചില്ല. അദ്ദേഹം പുത്രനെ വിവരമറിയിച്ചു. അനുസരണയുള്ള പുത്രൻ പിതാവിനോട് പറഞ്ഞു: ''പിതാവേ അല്ലാഹുവിന്റെ കൽപനയനുസരിച്ച് പ്രവർത്തിക്കുക. ഞാൻ ക്ഷമിക്കാനൊരുക്കമാണ്.''

കുട്ടി സമ്മതിച്ചു. പിതാവ് പുത്രനെയും കൂട്ടി 'മിനാ' എന്ന സ്ഥലത്തേക്ക് പോയി. ബലി കർമ്മത്തിനൊരുങ്ങി. ഇസ്മാഈലിനെ നിലത്തു കിടത്തി. പക്ഷേ അറുക്കേണ്ടി വന്നില്ല. അപ്പോഴേക്കും ഒരു ശബ്ദം കേട്ട്: 'ഓ ഇബ്റാഹീം! നീ സ്വപ്നം നിറവേറ്റിയിരിക്കുന്നു. പകരം ഒരു മൃഗത്തെ ബലി നൽകുക.' അല്ലാഹുവിന്റെ കൽപനയായിരുന്നു അത്. അങ്ങനെ ഇബ്റാഹീം عليه السلام ഒരു ആടിനെ ബലി  നൽകി. ഇസ്മാഈൽ വളർന്നു വലുതായി. ഇബ്റാഹീമും عليه السلام ഇസ്മാഈലും عليه السلام കൂടി അല്ലാഹുവിന്റെ കൽപനപ്രകാരം ഭൂമിയിൽ ഒന്നാമത്തെ ആരാധനാകേന്ദ്രം മക്കയിൽ പടുത്തുയർത്തി. അതാണ് കഅ്ബ. അവിടേക്കാണ് നാം തിരിഞ്ഞു നിസ്കരിക്കുന്നതും, ഹജ്ജ് നിർവഹിക്കാൻ പോകുന്നതും.

ഇബ്റാഹീം നബി عليه السلام ന്റെ രണ്ടാമത്തെ പുത്രനായ ഇസ്ഹാഖ് عليه السلام പിതാവിനോടൊപ്പം ഫലസ്തീനിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ സന്താനങ്ങളിൽ വളരെയേറെ പ്രവാചകന്മാർ ഉണ്ടായി. തന്റെ പുത്രനായ യഅ്ഖൂബ് عليه السلام ന്റെ സന്താനപരമ്പരയാകുന്നു ഇസ്റാഈൽ സമുദായം. ഇസ്മാഈലിന്റെ സന്താനപരമ്പരയിലാണ് മുഹമ്മദ് നബി ﷺ ജനിച്ചത്.

# പഠന പ്രവർത്തനങ്ങൾ

## പര്യായപദങ്ങൾ പഠിക്കാം:

1. ഗുഹ — കന്ദരം , കുഹരം
2. കാറ്റ് — മാരുതൻ , അനിലൻ
3. കാക്ക — കാകൻ, വായസം
4. ജലം — വെള്ളം , സലിലം , തോയം
5. തേൻ — മധു , മരന്ദം , മകരന്ദം

## വിപരീത പദങ്ങൾ പഠിക്കാം:

1. അനുകൂലം x പ്രതികൂലം
2. അപരാധി x നിരപരാധി
3. ആവശ്യം x അനാവശ്യം
4. ആശ x നിരാശ
5. ഉദയം x അസ്തമയം

## മാതൃക പോലെ എഴുതുക:

1. കേരം, മന്ദാരം — കേരവും മന്ദാരവും
2. സഹോദരൻ, സഹോദരി — ____________________
3. ഉപ്പ, ഉമ്മ — ____________________
4. കാറ്റ്, മഴ — ____________________
5. ഇടി, മിന്നൽ — ____________________

## ഒറ്റപ്പദം എഴുതുക:

1. സഹോദരനോടുള്ള സ്നേഹം ______________________

2. മലകൾ ഉള്ള നാട് ______________________

## പൂരിപ്പിക്കുക:

1. ഇസ്മാഈൽ നബി عليه السلام ന്റെ മാതാവ് ________________

2. ഭൂമിയിലെ ആദ്യത്തെ ആരാധനാ കേന്ദ്രം ________________

## ചോദ്യങ്ങൾ:

1. ഇസ്മാഈൽ عليه السلام ന്റെ മാതാവിന്റെ പേരെന്ത് ?

2. ഇസ്ഹാഖ് عليه السلام ന്റെ മാതാവിന്റെ പേരെന്ത് ?

3. സംസം എന്നാൽ എന്ത് ?

4. ഇബ്റാഹീം عليه السلام സ്വപ്നം കണ്ടതെന്ത് ?

5. ബലിയറുക്കാൻ പിതാവ് ഇസ്മാഈൽ عليه السلام നെ എങ്ങോട്ടാണ് കൂട്ടിക്കൊണ്ടുപോയത് ?

6. ഇസ്ഹാഖ് عليه السلام എവിടെയാണ് താമസിച്ചിരുന്നത് ?

7. ഇസ്റാഈൽ സമൂഹം ആരുടെ സന്താനപരമ്പരയിൽ പെട്ടവരാണ്?

### ഓർത്തിരിക്കാം

സംസം വെള്ളം എന്തിനുവേണ്ടിയാണോ
കുടിക്കപ്പെട്ടത്, അത് അതിനുള്ളതാണ്.
(ഹദീസ്)

# പാഠം 6

# لوط عليه السلام

ഇബ്റാഹീം عليه السلام ന്റെ പിതൃവപുത്രനാണ് ലൂത് عليه السلام. അദ്ദേഹം സദൂം എന്ന പട്ടണത്തിലായിരുന്നു താമസിച്ചിരുന്നത്.

സദൂമിലെ ജനങ്ങൾ പലവിധ വൃത്തികേടുകളും ചെയ്തിരുന്നു. പൊതുസദസ്സിൽ മാന്യമല്ലാത്ത പ്രവൃത്തികളും സംസാരങ്ങളും അവർ നടത്തുമായിരുന്നു. ലജ്ജയില്ലാത്തവരായിരുന്നു അവർ.

ലൂത് عليه السلام അവരോട് പറഞ്ഞു: നിങ്ങൾ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ. വേണ്ടാവൃത്തികൾ ഒഴിവാക്കുകയും ചെയ്യണം. അവർ അത് സ്വീകരിച്ചില്ല. മാത്രമല്ല; അവരദ്ദേഹത്തെ നാടു കടത്തുമെന്നു വരെ പറഞ്ഞു.

അക്രമികളായ അവരെ ശിക്ഷിക്കാൻ തന്നെ അല്ലാഹു തീരുമാനിച്ചു. സുന്ദരന്മാരായ യുവാക്കളുടെ രൂപത്തിൽ മലക്കുകളെ അല്ലാഹു സദൂമിലേക്കയച്ചു. അവർ ലൂത് عليه السلام ന്റെ വീട്ടിലെത്തിയപ്പോൾ അവിശ്വാസികളായ ജനങ്ങൾ അവരെ അക്രമിക്കാനൊരുങ്ങി. മലക്കുകളാണ് ഈ വന്നതെന്ന് ലൂത് عليه السلام ന്ന് പോലും മനസ്സിലായില്ല.

എന്റെ അതിഥികളെ ഒന്നും ചെയ്യരുതെന്ന് ലൂത് عليه السلام അവരോ ട് പറഞ്ഞുകൊണ്ടിരുന്നു.

അപ്പോൾ മലക്കുകൾ ലൂത് عليه السلام നോട് പറഞ്ഞു: താങ്കൾ ഭയപ്പെടേണ്ട. ഞങ്ങൾ മലക്കുകളാണ്. ഞങ്ങളെ ഉപദ്രവിക്കാൻ അവർക്ക് കഴിയുകയില്ല. ഈ ദുഷ്ടന്മാരെ നശിപ്പിക്കാൻ വന്നവരാണ്

ഞങ്ങൾ. നിങ്ങളും സത്യവിശ്വാസികളും ഇന്ന് രാത്രി തന്നെ ഇവിടെ നിന്ന് പോകണം. വിശ്വസിക്കാത്ത നിങ്ങളുടെ ഭാര്യയും മറ്റു അവിശ്വാസികളും നശിപ്പിക്കപ്പെടാൻ പോവുകയാണ്. ലൂത് عليه السلام ഉം വിശ്വാസികളും അന്ന് രാത്രി തന്നെ സദൂം വിട്ടുപോയി.

പ്രഭാതത്തിൽ ഒരു ഘോരശബ്ദമുണ്ടായി. രാജ്യം കീഴ്മേൽ മറിക്കപ്പെട്ടു. ധിക്കാരികൾ മുഴുവനും നശിച്ചു. ലൂത് عليه السلام ന്റെ ഭാര്യയടക്കം!. അദ്ദേഹത്തിന്റെ ഭാര്യ അവിശ്വാസിനിയായിരുന്നു. നബിയുടെ ഭാര്യയായിട്ടുപോലും അല്ലാഹുവിൽ വിശ്വസിച്ചു ജീവിച്ചില്ലെങ്കിൽ രക്ഷപ്പെടുകയില്ല എന്ന് ഈ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. സത്യവിശ്വാസവും സൽകർമ്മവും മാത്രമാണ് രക്ഷാമാർഗം.

# പഠന പ്രവർത്തനങ്ങൾ

## നാനാർത്ഥങ്ങൾ പഠിക്കാം:

| | | |
|---|---|---|
| ഉപജീവനം | വൃത്തി | ശുദ്ധി |
| ധാന്യങ്ങൾ | മലർ | പൂവ് |
| അടയാളം | മുദ്ര | ആംഗ്യം |

## വിപരീത പദങ്ങൾ പഠിക്കാം:

1. പ്രിയം x അപ്രിയം
2. പ്രീതി x അപ്രീതി
3. ഫലം x വിഫലം
4. ബഹുമതി x അവമതി
5. പ്രശംസ x നിന്ദ

## പദങ്ങൾ ചേർത്തെഴുതാം:

1. ഉണ്ടായി, ഇല്ലെങ്കിലും ______________________
2. കൊണ്ട്, ആടുന്ന ______________________
3. അനുസ്മരിക്കുന്നത്, ആണ് ______________________
4. ആഘോഷം, ആണ് ______________________

## പൂരിപ്പിക്കുക:

1. ____________ രൂപത്തിൽ മലക്കുകളെ അല്ലാഹു ഭൂമിയിലേക്കയച്ചു.

2. പ്രഭാതത്തിൽ ഒരു ____________ ഉണ്ടായി.

## ചോദ്യങ്ങൾ:

1. ലൂത് عليه السلام എവിടെയാണ് താമസിച്ചിരുന്നത് ?

2. ലൂത് عليه السلام ന്റെ വീട്ടിൽ വന്ന യുവാക്കൾ ആരായിരുന്നു?

3. അവർ എന്തിനാണ് വന്നത് ?

4. ധിക്കാരികളായ 'സദൂം'കാരെ നശിപ്പിച്ചതെങ്ങനെ ?

5. ലൂത് عليه السلام ന്റെ ഭാര്യ ശിക്ഷിക്കപ്പെട്ടതിൽ നിന്ന് നമുക്ക് എന്ത് മനസ്സിലാക്കാം ?

**ഓർത്തിരിക്കാം**

ലൂത്വിനെയും (നാം അയച്ചു.) അദ്ദേഹം തന്റെ ജനതയോട്, നിങ്ങൾക്ക് മുമ്പ് ലോകരിൽ ഒരാളും തന്നെ ചെയ്തിട്ടില്ലാത്ത ഈ നീചവൃത്തിക്ക് നിങ്ങൾ ചെല്ലുകയോ? എന്ന് പറഞ്ഞ സന്ദർഭം (ഓർക്കുക.)

(വിശുദ്ധ ഖുർആൻ: 7:70)

# പാഠം 7

# يعقوب ويوسف عليهما السلام

ഇസ്ഹാഖ് عليه السلام ന്റെ പുത്രനാണ് യഅ്ഖൂബ് നബി عليه السلام. ഇസ്റാഈൽ എന്നും അദ്ദേഹത്തിന് പേരുണ്ട്. അദ്ദേഹത്തിന്റെ സന്തതികളാണ് 'ബനൂഇസ്റാഈൽ' എന്ന് അറിയപ്പെടുന്നത്. യഅ് ഖൂബ് عليه السلام ന് പന്ത്രണ്ട് മക്കളുണ്ടായിരുന്നു. ഇളയവരായിരുന്നു യൂസുഫും ബിൻയാമീനും. യൂസുഫിനോട് പിതാവിന് മറ്റുള്ളവരെക്കാൾ സ്നേഹമായിരുന്നു. ഒരിക്കൽ യൂസുഫ് ഒരു സ്വപ്നം കണ്ടു. പതിനൊന്ന് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും തനിക്ക് സുജൂദ് ചെയ്യുന്നു എന്നതായിരുന്നു സ്വപ്നം. സഹോദരന്മാരോട് ഈ സ്വപ്നത്തിന്റെ കാര്യം അറിയിക്കരുതെന്ന് പിതാവ് യൂസുഫിനോട് പറഞ്ഞു: അവർക്ക് യൂസുഫിനോട് അസൂയയാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

ഒരു ദിവസം അവർ യൂസുഫിനെയും കൂട്ടി ആടുമേക്കാനും കളിക്കാനും വേണ്ടി മേച്ചിൽ പറമ്പിലേക്ക് പോയി. അവിടെ നിന്ന് അവർ യൂസുഫിനെ ഒരു കിണറ്റിലേക്കിട്ടു. പിതാവിനോട് യൂസുഫിനെ ഒരു ചെന്നായ പിടിച്ചെന്ന് കള്ളം പറഞ്ഞു. യഅ്ഖൂബ് عليه السلام വളരെ സങ്കടപ്പെട്ടു. എല്ലാം അല്ലാഹു കാണുന്നു, അവൻ സഹായിക്കും എന്ന് പറഞ്ഞ് ക്ഷമ കൈക്കൊണ്ടു.

ഈജിപ്തിലേക്ക് പോവുകയായിരുന്ന ഒരു കച്ചവടസംഘം യൂസുഫ് കിടന്നിരുന്ന കിണറ്റിൽ നിന്ന് വെള്ളമെടുക്കാൻ വന്നപ്പോൾ കിണറ്റിൽ ഒരു കുട്ടിയെ കണ്ട് അത്ഭുതപ്പെട്ടു!. അങ്ങനെ അവർ

യൂസുഫിനെ രക്ഷപ്പെടുത്തി കൂടെ കൊണ്ടുപോയി ഈജിപ്തിലെ ഒരു ഉന്നത ഉദ്യോഗസ്ഥന് വിറ്റു. ഉദ്യോഗസ്ഥനും ഭാര്യയും യൂസുഫിനെ അവരുടെ വീട്ടിൽ വളർത്തി. ഇതൊന്നും പിതാവായ യഅ്ഖൂബ് عليه السلام മോ മക്കളോ അറിഞ്ഞിരുന്നില്ല.

യൂസുഫ് ആ വീട്ടിൽ താമസിച്ചു വരികയായിരുന്നു. ഇതിനിടക്ക് നല്ലവനായ യൂസുഫിന്റെ പേരിൽ ചിലർ ഇല്ലാത്ത ചില ആരോപണങ്ങൾ പറഞ്ഞു പരത്തി. അങ്ങനെ അദ്ദേഹം കുറേകാലം ജയിലിൽ കഴിയേണ്ടി വന്നു. അദ്ദേഹം തെറ്റ് ചെയ്തിട്ടില്ലെന്ന് ഈജിപ്തിലെ രാജാവിന് പിന്നീട് മനസ്സിലായി. തന്നെയുമല്ല യൂസുഫ് സത്യവാനും പല കഴിവുകളുമുള്ള മഹാനുമാണെന്ന് രാജാവിന് ബോധ്യപ്പെട്ടു. അങ്ങനെ രാജാവ് അദ്ദേഹത്തെ ജയിലിൽ നിന്ന് മോചിപ്പിച്ചു. അതിന് ശേഷം ഈജിപ്തിലെ ഭരണകൂടത്തിൻ കീഴിലുള്ള ഖജനാവിന്റെ ചുമതല യൂസുഫിനെ ഏൽപിച്ചു.

അക്കാലത്ത് ഈജിപ്തിൽ വമ്പിച്ച വരൾച്ചയുണ്ടായി. കൃഷികൾ നശിച്ചു. ജനങ്ങൾക്ക് ആഹാരം കിട്ടാതെയായി. കൊട്ടാരത്തിൽ നിന്ന് ധാന്യങ്ങൾ വിതരണം ചെയ്തു തുടങ്ങി. അതിന് നേതൃത്വം നൽകിയിരുന്നത് യൂസുഫായിരുന്നു. തന്റെ സഹോദരൻമാരും ധാന്യം തേടി ഈജിപ്തിലെത്തി. യൂസുഫ് അവരെ തിരിച്ചറിഞ്ഞു. വീട്ടുകാര്യങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കി. അവർക്ക് ധാന്യം നൽകി. അടുത്ത പ്രാവശ്യം വരുമ്പോൾ അനുജൻ ബിൻയാമീനെ കൂടെ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടു. അവർ യൂസുഫിനെ തിരിച്ചറിഞ്ഞിരുന്നില്ല.

വീണ്ടും അവർ യൂസുഫിന്റെ അടുത്തു വന്നു. ബിൻയാമീനും

കൂടെയുണ്ടായിരുന്നു. അവർക്ക് ധാന്യം നൽകി. ബിൻയാമീനെ യൂസുഫ് ചില ഉപായങ്ങൾ പറഞ്ഞു തടഞ്ഞുവെച്ചു. നാട്ടിലേക്കു പോകാൻ അനുവദിച്ചില്ല.

സഹോദരന്മാർ നാട്ടിൽ തിരിച്ചെത്തി. പണ്ട് യൂസുഫ് നഷ്ടപ്പെട്ടതു പോലെ ബിൻയാമീനും നഷ്ടപ്പെട്ടതിൽ യഅ്ഖൂബ് عليه السلام കൂടുതൽ ദുഃഖിതനായി. കരഞ്ഞു കരഞ്ഞു അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടു. എല്ലാം അല്ലാഹുവിൽ ഏൽപിച്ചു.

മൂന്നാം തവണയും സഹോദരന്മാർ ഈജിപ്തിലെത്തി. ഇത്തവണ അവർ യൂസുഫിനെ തിരിച്ചറിഞ്ഞു. അവർ ലജ്ജിച്ചു തല താഴ്ത്തി. കുറ്റം സമ്മതിച്ചു. വിനയവും താഴ്മയും കാണിച്ചു. അവർ നാട്ടിലേക്ക് മടങ്ങി.

യൂസുഫ് عليه السلام ന്റെ ക്ഷണമനുസരിച്ച് മാതാപിതാക്കളും സഹോദരന്മാരും ഈജിപ്തിലേക്ക് പോയി. നഷ്ടപ്പെട്ട മക്കളെ തിരിച്ചുകിട്ടിയ യഅ്ഖൂബ് عليه السلام വളരെയധികം സന്തോഷിച്ചു. അല്ലാഹുവിനെ സ്തുതിച്ചു.

യൂസുഫ് عليه السلام ന്റെ സഹോദരന്മാർ ഖേദിച്ചു. പിതാവിനോട് തങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. സ്നേഹനിധിയായ പിതാവ് അവർക്ക് മാപ്പ് നൽകി. അവരുടെ പാപം പൊറുക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. യൂസുഫ് عليه السلام ന്റെ കീഴിൽ അവർ ഈജിപ്തിൽ താമസമാക്കി. യൂസുഫ് പണ്ട് കണ്ട സ്വപ്നത്തിന്റെ പൊരുൾ പൂർത്തിയാകുകയും ചെയ്തു.

# പഠന പ്രവർത്തനങ്ങൾ

## കൂട്ടക്ഷരങ്ങൾ പഠിക്കാം

| | | | | | |
|---|---|---|---|---|---|
| ത് | + | ത | = | ത്ത | ________ |
| ന് | + | ത | = | ന്ത | ________ |
| ന് | + | ന | = | ന്ന | ________ |
| ഞ് | + | ഞ | = | ഞ്ഞ | ________ |

## പര്യായ പദങ്ങൾ പഠിക്കാം

1. പുത്രൻ - മകൻ
2. പിതാവ് - ഉപ്പ
3. മാതാവ് - ഉമ്മ
4. സങ്കടം - ദുഖം
5. ആഹാരം - ഭക്ഷണം

## ചിഹ്നങ്ങൾ ആവർത്തിച്ച് പഠിക്കാം

1. എ - െ → വെള്ളം
2. ഏ - േ → നേട്ടം
3. ഐ - ൈ → കൈയിൽ
4. ഒ - ൊ → കൊട്ടാരം
5. ഓ - ോ → മോചിപ്പിച്ചു

## ചോദ്യങ്ങൾ:

1. യൂസുഫ് عليه السلام ന്റെ പിതാവിന്റെ പേരെന്ത് ?
2. യഅ്ഖൂബ് عليه السلام ന് എത്ര മക്കളുണ്ടായിരുന്നു.
3. യൂസുഫ് عليه السلام കണ്ട സ്വപ്നമെന്തായിരുന്നു?
4. സഹോദരന്മാർ യൂസുഫിനെ എന്ത് ചെയ്തു?
5. യൂസുഫ് عليه السلام കിണറ്റിൽ നിന്ന് രക്ഷപ്പെട്ടതെങ്ങനെ ?
6. കച്ചവടക്കാർ എങ്ങോട്ടാണ് യൂസുഫിനെ കൊണ്ടുപോയത് ?

### ഓർത്തിരിക്കാം

അദ്ദേഹം പറഞ്ഞു: എൻറെ വേവലാതിയും വ്യസനവും ഞാൻ അല്ലാഹുവോട് മാത്രമാണ് ബോധിപ്പിക്കുന്നത്. അല്ലാഹുവിങ്കൽ നിന്നും നിങ്ങൾ അറിയാത്ത ചിലത് ഞാനറിയുന്നുമുണ്ട്.

(വിശുദ്ധ ഖുർആൻ: 12:86)

# ഇസ്‌ലാമിക
## ചരിത്ര പാഠങ്ങൾ

### ഭാഗം രണ്ട്